പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3660

19.02.2013-ൽ മറുപടിക്ക്

## മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കമോ; | (എ) വിശദമാക്കാം.<br>മഞ്ചേശ്വരത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും കേന്ദ്രസർക്കാർ സ്ഥാപനമായ CWPRS മാതൃകാപഠനം നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി പഠനം നടത്തുകയും KCZMA യിൽ നിന്നും CRZ Clearance ലഭ്യമാക്കുകയും ചെയ്തു. ടി പ്രവൃത്തിയുടെ പ്രോജക്ട് റിപ്പോർട്ട് 75% കേന്ദ്രസഹായപദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് 19.12.2012-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസും ഭരണാനുമതിയും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) ടി പ്രവൃത്തിയ്ക്ക് 20.09.2012-ൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. 12.02.2013 ൽ ന്യൂഡൽഹിയിൽ വച്ച് നടന്ന കേന്ദ്രകൃഷി വകുപ്പിന്റെ പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റി, 4890 ലക്ഷം രൂപയുടെ ടി പ്രോജക്ടിന് 75% കേന്ദ്രസഹായ പദ്ധതിയിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ